LIBRARY ARCHIVES Kerala Legislative Assembly

ആരാധനാലയങ്ങൾ തുറന്ന് പ്രവർത്തിക്കാൻ നടപടി

161 (4886) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾ, കച്ചവട സ്ഥാപനങ്ങൾ, പൊതുഗതാഗതം എന്നിവയെല്ലാം ഭാഗികമായി തുറന്നപ്പോൾ, കോവിഡ് നിയന്ത്രണങ്ങളോടെ ആരാധനാലയങ്ങൾ തുറന്ന് പ്രവർത്തിക്കാൻ അനുവദിക്കണമെന്ന് മതനേതാക്കൾ ആവശ്യപ്പെട്ടിട്ടുണ്ടോ?

ആവശ്യപ്പെട്ടിട്ടുണ്ട് .

(ബി) വെള്ളിയാഴ്ചയിലെ ജുമുഅ, ഞായറാഴ്ച ദിവസങ്ങളിലെ ക്രൈസ്തവ ദേവാലയങ്ങളിലെ പ്രാർത്ഥന, ക്ഷേത്രങ്ങളിലെ പ്രാർത്ഥന എന്നിവയ്ക്ക് അനുമതി നൽകാൻ സർക്കാർ തയ്യാറാകാത്തതെന്തുകൊണ്ടാണ്;

&

(സി) പ്രത്യേക പ്രാർത്ഥനകൾക്കായി ആരാധനാലയങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

നേരത്തെ കോവിഡ് രോഗനിയന്ത്രണങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ എ,ബി,സി,ഡി എന്നിങ്ങനെ 4 കാറ്റഗറികളായി തിരിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കും രോഗവ്യാപന തോതും കുറവുള്ള എ,ബി കാറ്റഗറികളിൽ ഉൾപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലെ ആരാധനാലയങ്ങളിൽ പരമാവധി 15 പേർക്ക് പ്രവേശനം അനുവദിച്ചിരുന്നു. അതുകൂടാതെ വിശേഷ ആഘോഷ വേളകളിൽ (Special occasions of celebrations) പരമാവധി 40 പേർക്കും പ്രവേശനം അനുവദിച്ചിരുന്നു. 5-8-2021 മുതൽ ആരാധനാലയങ്ങളിൽ ഓരോ വ്യക്തിക്കും കുറഞ്ഞത് 25 ചതുരശ്ര അടി സ്ഥലം ഉറപ്പാക്കിക്കൊണ്ട് പരമാവധി 40 പേർക്ക് പ്രവേശനം അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്ഥല പരിമിതിയുള്ള ഇടങ്ങളിൽ ആനുപാതികമായി ആളുകളുടെ എണ്ണം കുറയ്ക്കേണ്ടതാണ്.

ഡയാലിസിസിന് വിധേയരാകുന്നവർക്ക് പെൻഷൻ

162 (4887) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗം ബാധിച്ച് ജീവൻ നിലനിർത്താൻ ഡയാലിസിസിനു വിധേയരാകുന്ന രോഗികൾക്ക് സർക്കാരിന്റെ എന്തെല്ലാം സഹായങ്ങളാണ് നിലവിൽ ലഭിക്കുന്നതെന്ന് വിശദമാക്കാമോ?